**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2426** **24-06-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ഊട്ടറപാലത്തിന്റെയും റെയിൽവേ മേൽപാലത്തിന്റെയും പ്രവൃത്തി നാളിതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം വിശദമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ ഊട്ടറ പുഴപ്പാലത്തിന്റെയും, റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി G.O(Rt) No. 942/2017/PWD dated 10.07.2017 പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ പദ്ധതി നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. വിശദമായ പഠനങ്ങൾക്കു ശേഷം തയ്യാറാക്കിയ ഡി.പി.ആർ, ആർ. ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിക്കുകയും 11.02.2020 ന് കിഫ്ബി 10.61 കോടി രൂപ പുഴപ്പാലത്തിന്റെ നിർമ്മാണത്തിനും റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുമായി അനുവദിക്കുകയും ചെയ്തു.<br><br>ഊട്ടറ മേൽപ്പാലത്തിന്റെ ജി.എ.ഡി. അപ്പ്രൂവലുമായി ബന്ധപ്പെട്ട് റെയിൽവേ ആവശ്യപ്പെട്ട പ്രകാരം P & E ചാർജ്ജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് 17.04.2023 ന് കിഫ്ബിക്ക് ആർ ബി ഡി സി കെ കത്ത് നൽകിയിരുന്നു . എന്നാൽ നിലവിലെ TVU (Train Vehicle Unit) കുറവായതിനാൽ TVU ഒരു ലക്ഷം എത്തിയതിനു ശേഷം മാത്രം പ്രസ്തുത പദ്ധതി റെയിൽവേയുടെ പിങ്ക് ബുക്കിൽ ഉൾപ്പെടുത്തുന്നതിന് റെയിൽവേയെ സമീപിച്ചാൽ മതി എന്ന് കിഫ്ബി 01-08-2023നു ആർ ബി ഡി സി കെ യെ അറിയിച്ചിരുന്നു. റെയിൽവേ മേൽപ്പാലത്തിന്റെയും ഊട്ടറ പുഴപ്പാലത്തിന്റെയും ഭൂമി ഏറ്റെടുക്കുന്നതിനു 7,55,82,602 രൂപ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമ ഘട്ടത്തിലാണ്.<br><br>ഊട്ടറ പുഴപ്പാലത്തിനാവശ്യമായ മുഴുവൻ സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. നിലവിൽ പാലങ്ങൾ ഡിസൈൻ & ബിൽഡ് രീതിയിൽ ആണ് ടെണ്ടർ ക്ഷണിച്ചു വരുന്നത്. എന്നാൽ 02.12.2022 ലെ G.O. |

| | | | |
|---|---|---|---|
| | | | (Ms) No. 34/2022/PWD ഉത്തരവിൽ G.O.(P) No. 30/2016/FIN dated 29.02.2016 പ്രകാരം ഐറ്റം റേറ്റ് രീതിയിൽ ടെണ്ടർ ക്ഷണിക്കാൻ നിർദ്ദേശം നൽകുകയുണ്ടായി. പദ്ധതി ഡിസൈൻ ചെയ്യുന്നതിനായി കൺസൾട്ടന്റായ M/S RITES നെ 04.01.2023 ൽ ചുമതലപ്പെട്ട ത്തിട്ടുണ്ട്, M/s RITES ഡിസൈൻ സമർപ്പിക്കുകയും ആയത് IIT, Madras നെ കൊണ്ട് Proof checking നടത്തുകയും ചെയ്തിട്ടുള്ളതാണ്. IIT അംഗീകരിച്ച ഡിസൈൻ പ്രകാരം, പരിഷ്കരിച്ച എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തിക അനുമതിക്കായി ആർ ബി ഡി സി കെ കിഫ്‌ബിയിൽ 16,02,2024ന് സമർപ്പിച്ചിരുന്നു. ഇത് പരിശോധിച്ച് വരുന്നതിനിടെ സ്പെഷ്യൽ തഹസിൽദാർ 17-05-2024ന് 76,79,857 രൂപ കൂടി അഡീഷണൽ അക്വസിഷനു വേണ്ടി അധികമായി ആവശ്യപ്പെടുകയും 23-05-2024 ലെ കത്ത് മുഖേന ഈ തുക കൂടി ഉൾപ്പെടുത്തി പുതുക്കിയ സാമ്പത്തിക അനുമതി നൽകണം എന്ന് ആർ ബി ഡി സി കെ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഈ തുകക്ക് ആധാരമായി ജില്ലാ കളക്ടർ ഒപ്പിട്ട DVS (Detailed Valuation Statement) സമർപ്പിച്ചിട്ടില്ല. ആയത് സമർപ്പിക്കുന്ന മുറക്ക് പുതുക്കിയ സാമ്പത്തികാനുമതിക്കുള്ള പ്രൊപോസൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ച് എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തിക അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസിക്ക് പുഴപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടിക്രമങ്ങളിലേക്ക് കടക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ